compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 04
Tuesday, 04th August 2026

1201 കർക്കടകം 19
19th Karkadakam 1201

1948 ശ്രാവണം 13
13th Sravana 1948

വാല്യം 15
Vol. XV

നമ്പർ **31**
No.

Part I

Water Resources Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

ജലസേചനം (ഭൂജലം) വകുപ്പ്

വിജ്ഞാപനങ്ങൾ

I

ജി.ഒ(പി)നമ്പർ 32/93/ഐആർ.ഡി. തീയതി, തിരുവനന്തപുരം, ജൂലൈ 30,1993.

എസ്.ആർ.ഒ നമ്പർ 1237/93 -1968 -ലെ കേരള പബ്ലിക് സർവീസസ് ആക്ടിന്റെ (1968-ലെ 19) 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഈ വിഷയത്തിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഉത്തരവുകളും അസാധുവാക്കുകയും ചെയ്തുകൊണ്ട്, കേരള സർക്കാർ ഇതിനാൽ കേരള ഭൂജല സേവനത്തിനായി ഇനിപ്പറയുന്ന വിശേഷാൽ ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും .- (1) ഈ ചട്ടങ്ങളെ 1993 -ലെ കേരള ഭൂജലവകുപ്പ് വിശേഷാൽ ചട്ടങ്ങൾ എന്ന് പേര് പറയാം.

   (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഘടന .- സേവനത്തിൽ ചുവടെപ്പറയുന്ന ബ്രാഞ്ചുകളും ഓഫീസർമാരുടെ കാറ്റഗറികളും ഉൾപ്പെടുന്നു, അതായത് :-

ബ്രാഞ്ച് I – ഹൈഡ്രോജിയോളജി

കാറ്റഗറി 1 - സൂപ്രണ്ടിങ് ഹൈഡ്രോജിയോളജിസ്റ്റ്

കാറ്റഗറി 2 - സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാറ്റഗറി 3 - ഹൈഡ്രോജിയോളജിസ്റ്റ്

കാറ്റഗറി 4 - ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ്

ബ്രാഞ്ച് II – എഞ്ചിനീയറിങ്

കാറ്റഗറി 1 - സൂപ്രണ്ടിങ് എഞ്ചിനീയർ

കാറ്റഗറി 2 - എക്സിക്യൂട്ടീവ് എഞ്ചിനീയർ

കാറ്റഗറി 3 - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കാറ്റഗറി 4 - അസിസ്റ്റന്റ് എഞ്ചിനീയർ

ബ്രാഞ്ച് III – ജിയോഫിസിക്സ്

കാറ്റഗറി 1 - ജിയോഫിസിസിസ്റ്റ്

കാറ്റഗറി 2 - ജൂനിയർ ജിയോഫിസിസിസ്റ്റ്

ബ്രാഞ്ച് IV – ഹൈഡ്രോകെമിസ്ട്രി

കാറ്റഗറി 1 - എക്സിക്യൂട്ടീവ് (കെമിസ്റ്റ്)

കാറ്റഗറി 2 – കെമിസ്റ്റ്

കാറ്റഗറി 3 - ജൂനിയർ കെമിസ്റ്റ്

ബ്രാഞ്ച് V – ഹൈഡ്രോളജി

കാറ്റഗറി 1 - എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹൈഡ്രോളജി)

കാറ്റഗറി 2 - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹൈഡ്രോളജി)

കാറ്റഗറി 3 - അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. യോഗ്യതയും നിയമന രീതിയും.– ചുവടെ പട്ടികയിൽ കോളം (1)ൽ പരാമർശിക്കുന്ന കാറ്റഗറിയിലേക്കുള്ള നിയമനത്തിലേക്കായി കോളം (3)ൽ വിവരിക്കുന്ന യോഗ്യതകൾ ആർജിച്ചിട്ടില്ലാത്ത യാതൊരാൾക്കും അതിനോടനുബന്ധമായി കോളം (2)ൽ വിവരിക്കുന്ന രീതിയിലുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല, അതായത് :-

പട്ടിക

കാറ്റഗറി **(1)**	നിയമനരീതി **(2)**	യോഗ്യതകൾ **(3)**

ബ്രാഞ്ച് 1 – ഹൈഡ്രോജിയോളജി

1.സൂപ്രണ്ടിങ് ഹൈഡ്രോജിയോളജിസ്റ്റ്	കാറ്റഗറി 2-ൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി	(എ). ജിയോളജി, അപ്ലൈഡ് ജിയോളജി, ഹൈഡ്രോജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിലുള്ള ബിരുദാനന്തരബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2.സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്	(i) കാറ്റഗറി 3 -ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	(i)(എ) ജിയോളജി, ഹൈഡ്രോജിയോളജി, അപ്ലൈഡ് ജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിലുള്ള ബിരുദാനന്തരബിരുദം. (ബി) ബിരുദാനന്തരബിരുദം നേടിയ ശേഷം ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം; അല്ലെങ്കിൽ (ii)(എ) ജിയോളജി, ഹൈഡ്രോജിയോളജി, അപ്ലൈഡ് ജിയോളജി/മറൈൻ ജിയോളജി എന്നിവയിലുള്ള ബി. എസ്. സി ബിരുദം; കൂടാതെ (ബി) ഫീഡർകാറ്റഗറിയിൽ എട്ടു വർഷത്തെ സേവനം.
	(ii)മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഇനം(i)-നുകീഴിൽ യോഗ്യതയുള്ള വ്യക്തികളുടെ	(1) ജിയോളജി, അപ്ലൈഡ് ജിയോളജി, ഹൈഡ്രോജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	എന്നിവയിൽ **50** ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള ബിരുദാനന്തരബിരുദം; കൂടാതെ **(2)** മേൽപ്പറഞ്ഞ യോഗ്യത നേടിയ ശേഷം, കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർവകുപ്പുകളിൽ/ ഓർഗനൈസേഷനുകളിൽ **10** വർഷത്തിൽക്കുറയാത്ത ഹൈഡ്രോജിയോളജിക്കൽ ജോലികളിലെ പ്രവൃത്തി പരിചയം. അഭികാമ്യം.- (എ) ജിയോളജി, അപ്ലൈഡ് ജിയോളജി, ഹൈഡ്രോജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജിയിൽ ഡോക്ടറേറ്റ് ബിരുദം. (ബി) ഭൂജലമേഖലയിൽ പ്രസിദ്ധീകരിച്ച വർക്കുകൾ. (സി) ഭൂജലമേഖലയിൽ പ്രത്യേക പരിശീലനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3.ഹൈഡ്രോജിയോളജിസ്റ്റ്	(i)കാറ്റഗറി 4 -ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	(1)(എ) ജിയോളജി, അപ്ലൈഡ് ജിയോളജി, ഹൈഡ്രോജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിലുള്ള ബിരുദാനന്തരബിരുദം; കൂടാതെ (ബി) ബിരുദാനന്തരബിരുദം നേടിയ ശേഷം ഫീഡർ കാറ്റഗറിയിൽ മൂന്നു വർഷത്തെ പ്രവൃത്തിപരിചയം; അല്ലെങ്കിൽ (2)(എ) ജിയോളജി, അപ്ലൈഡ് ജിയോളജി, ഹൈഡ്രോജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിലുള്ള ബി.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ ഏഴു വർഷത്തെ പ്രവൃത്തിപരിചയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	(ii)മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഇനം(i)-നുകീഴിൽ യോഗ്യതയുള്ള വ്യക്തികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി.	1.ഹൈഡ്രോജിയോളജിയിൽ സ്പെഷ്യലൈസേഷനോട് കൂടി, ജിയോളജി/അപ്ലൈഡ് ജിയോളജി/ മറൈൻ ജിയോളജി എന്നിവയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദാനന്തര ബിരുദം; കൂടാതെ 2. മേൽപ്പറഞ്ഞ യോഗ്യത നേടിയ ശേഷം, കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ വകുപ്പുകളിൽ/ഓർഗനൈസേഷനുകളിൽ ഹൈഡ്രോജിയോളജിക്കൽ ജോലിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം. അഭികാമ്യം.- ഗ്രൗണ്ട് വാട്ടർ പ്രോസ്പെക്ടിങ്ങിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ അംഗീകൃത സ്ഥാപനമോ സർവകലാശാലയോ നൽകുന്ന പരിശീലനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4.ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ്	(i) കേരള ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിന്റെ ബ്രാഞ്ച് I ന്റെ കാറ്റഗറി 1 ജിയോളജിക്കൽ അസിസ്റ്റന്റിൽ നിന്ന് സ്ഥാനക്കയറ്റം വഴി.	(1)(എ) ഹൈഡ്രോജിയോളജി, അപ്ലൈഡ് ജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിൽ ബിരുദാനന്തരബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ (2)(എ) ജിയോളജി, അപ്ലൈഡ് ജിയോളജി അല്ലെങ്കിൽ മറൈൻ ജിയോളജി എന്നിവയിലുള്ള ബി. എസ്. സി ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം.
	(ii) നേരിട്ടുള്ള നിയമനംവഴി	50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ജിയോളജി/അപ്ലൈഡ് ജിയോളജി/ ഹൈഡ്രോജിയോളജി/മറൈൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ജിയോളജി എന്നിവയിൽ ബിരുദാനന്തരബിരുദം. അഭികാമ്യം.- സംസ്ഥാന / കേന്ദ്ര ഗവൺമെന്റ് ഓർഗനൈസേഷൻ വഴി ഗ്രൗണ്ട് വാട്ടർ/വാട്ടർ വെൽ ടെക്നിക് എന്നിവയിൽ പരിശീലനം. കുറിപ്പ്- സ്ഥാനക്കയറ്റവും നേരിട്ടുള്ള നിയമനവും തമ്മിൽ 1:1 എന്ന അനുപാതം പാലിക്കേണ്ടതാണ്.

ബ്രാഞ്ച് II – എഞ്ചിനീയറിങ്

സൂപ്രണ്ടിങ് എഞ്ചിനീയർ	(i) കാറ്റഗറി 2-ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി.	(1)(എ) അഗ്രികൾച്ചറൽ, മെക്കാനിക്കൽ, മൈനിങ്, സിവിൽ എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 5 വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	അല്ലെങ്കിൽ (ii) മുകളിലുള്ള ഇനം(1)നു കീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ കാറ്റഗറി 1 ൽ നിന്നുള്ള സ്ഥാനക്കയറ്റം - ബ്രാഞ്ച് V ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹൈഡ്രോളജി)	(1) (എ) അഗ്രിക്കൾച്ചറൽ, മെക്കാനിക്കൽ, മൈനിങ്, സിവിൽ എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 5 വർഷത്തെ പ്രവൃത്തിപരിചയം.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ	(i) കാറ്റഗറി 3-ൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി	(1) (എ) അഗ്രിക്കൾച്ചറൽ, മെക്കാനിക്കൽ, മൈനിങ്, സിവിൽ എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 5 വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ (2)(എ)മെക്കാനിക്കൽ / മൈനിങ് എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		(ബി) വകുപ്പിൽ **20** വർഷത്തെ പ്രവൃത്തി പരിചയം അതിൽ ഫീഡർ കാറ്റഗറിയിൽ **5** വർഷത്തെ സേവനം. കുറിപ്പ്.- ഡിപ്ലോമ യോഗ്യതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽനിന്ന് സ്ഥാനക്കയറ്റം മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലെ **5%** തസ്തികകൾ മാത്രമേ നികത്താവൂ; എന്നാൽ ഒരു ജൂനിയർ ഡിപ്ലോമ ഹോൾഡർ സീനിയർ ഡിഗ്രി ഹോൾഡറെ മറിക്കടക്കാൻ പാടുള്ളതല്ല.
	(ii) മുകളിലുള്ള ഇനം**(i)** നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി.	**(1)** മെക്കാനിക്കൽ, അഗ്രികൾച്ചറൽ, മൈനിങ്ങ് എഞ്ചിനീയറിങ്ങ് എന്നിവയിൽ ഒന്നാം അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദം; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		(2) ജലകിണർ നിർമ്മാണമേഖലയിൽ സംസ്ഥാന/കേന്ദ്ര സർക്കാർ വകുപ്പിൽ/സ്ഥാപനങ്ങളിൽ 10 വർഷത്തെ പ്രവൃത്തിപരിചയം.
3.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	(i) കാറ്റഗറി 4 ൽ നിന്നുള്ള സ്ഥാനക്കയറ്റംവഴി	(1) (എ) മൈക്കാനിക്കൽ / അഗ്രിക്കൾച്ചറൽ / മൈനിങ് എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 3 വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ (2)(എ) മെക്കാനിക്കൽ എഞ്ചിനീയറിങ്/ മൈനിങ് എഞ്ചിനീയറിങ്/ അഗ്രിക്കൾച്ചർ എഞ്ചിനീയറിങ് എന്നിവയിൽ ഡിപ്ലോമ; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 4 വർഷത്തെ പ്രവൃത്തിപരിചയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		അല്ലെങ്കിൽ (3)(എ) എസ്. എസ്.എൽ.സി പരീക്ഷയിലോ തത്തുല്യമായ പരീക്ഷയിലോ വിജയം, കൂടാതെ ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്ക് ട്രേഡിലെ ഐ.ടി.ഐ സർട്ടിഫിക്കറ്റ്; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ 6 വർഷത്തെ പ്രവൃത്തിപരിചയം.
		(i) മെക്കാനിക്കൽ, അഗ്രിക്കൾച്ചറൽ, മൈനിങ് എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ii) (എ) ഇന്ത്യൻ സ്കൂൾ ഓഫ് മൈനിങ് ധൻബാദ് അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഖരഗ്പൂർ സ്പോണസർ ചെയ്യുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	(ii) മുകളിലുള്ള ഇനം(i) നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	ജലകിണർ/ റോക്ക് ഡ്രില്ലിങ് സർട്ടിഫിക്കറ്റ്; അല്ലെങ്കിൽ (ബി) ഡ്രില്ലിങ്ങിൽ **5** വർഷത്തെ പ്രവൃത്തിപരിചയവും കൂടാതെ സംസ്ഥാന/സ്ഥാപനങ്ങളിൽ വിവിധ തരം ഡ്രില്ലിങ് റിഗ്ഗുകളുടെ (ഡയറക്ട് റോട്ടറി റിവേഴ്സ് സർക്കുലേഷൻ അല്ലെങ്കിൽ ഡൗൺ ദ ഹോൾ ഹാമർ) പ്രവർത്തന സവിശേഷതകളുമായുള്ള പരിചയം. കുറിപ്പ് : കേഡർ സ്ട്രെങ്ത് അടിസ്ഥാനമാക്കി പ്രൊമോഷന്റെ കാര്യത്തിൽ ബിരുദം, ഡിപ്ലോമ. ഐ.ടി.ഐ സർട്ടിഫിക്കറ്റ് ഉടമകൾക്കിടയിൽ **15:4:1** എന്ന അനുപാതം പാലിക്കേണ്ടതാണ്: ഒരു ജൂനിയർ ഡിപ്ലോമ ഹോൾഡർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		സീനിയർ ഡിഗ്രി ഹോൾഡറെയും, ജൂനിയർ സർട്ടിഫിക്കറ്റ് ഹോൾഡർ സീനിയർ ഡിഗ്രി/ഡിപ്ലോമ ഹോൾഡറെയും മറിക്കടക്കാൻ പാടുള്ളതല്ല.
4. അസിസ്റ്റന്റ് എഞ്ചിനീയർ	**(i)** കേരള ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിന്റെ ബ്രാഞ്ച് **II** – കാറ്റഗറി **1** (മാസ്റ്റർ ഡ്രില്ലർ) വിഭാഗത്തിൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	**(1)** (എ) മെക്കാനിക്കൽ എഞ്ചിനീയറിങ്/ മൈനിങ് എഞ്ചിനീയറിങ്/ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ് എന്നിവയിൽ ബിരുദം; കൂടാതെ (ബി)മാസ്റ്റർ ഡ്രില്ലറായി **2** വർഷത്തെ സേവനം; അല്ലെങ്കിൽ **(2)**(എ) മെക്കാനിക്കൽ എഞ്ചിനീയറിങ്/മൈനിങ് എഞ്ചിനീയറിങ്/അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		കൂടാതെ (ബി) മാസ്റ്റർ ഡ്രില്ലറായി **4** വർഷത്തെ സേവനം; അല്ലെങ്കിൽ **(3)** (എ) ഡീസൽ/മോട്ടാർ മെക്കാനിക്സിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ (ബി) മാസ്റ്റർ ഡ്രില്ലറായി **6** വർഷത്തെ സേവനം കുറിപ്പ്.- പ്രൊമോഷന്റെ കാര്യത്തിൽ ബിരുദം, ഡിപ്ലോമ, ഐ.ടി.ഐ സർട്ടിഫിക്കറ്റ് ഉടമകൾക്കിടയിൽ **6:3:1** എന്ന അനുപാതം പാലിക്കേണ്ടതാണ്. എന്നാൽ ഒരു ജൂനിയർ ഡിപ്ലോമ ഹോൾഡർ ഒരു സീനിയർ ഡിഗ്രി ഹോൾഡറെയും, ഒരു ജൂനിയർ സർട്ടിഫിക്കറ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ഹോൾഡർ ഒരു സീനിയർ ഡിഗ്രി/ഡിപ്ലോമ ഹോൾഡറെയും മറിക്കടക്കാൻ പാടുള്ളതല്ല.
	(ii)നേരിട്ടുള്ള നിയമനംവഴി	മെക്കാനിക്കൽ എഞ്ചിനീയറിങ്/മൈനിങ് എഞ്ചിനീയറിങ്/ അഗ്രികൾച്ചറൽ എഞ്ചിനീയറിങ് എന്നിവയിൽ 50% മാർക്കിൽ കുറയാത്ത ബിരുദം. അഭികാമ്യം.- ജലകിണർ ഡ്രില്ലിങ് റിഗ്ഗുകൾ കൈകാര്യം ചെയ്യുന്നതിൽ 2 വർഷത്തെ പ്രവർത്തിപരിചയം. കുറിപ്പ്: സ്ഥാനക്കയറ്റവും നേരിട്ടുള്ള നിയമനവും തമ്മിൽ 1:1 എന്ന അനുപാതം പാലിക്കേണ്ടതാണ്. സ്ഥാനക്കയറ്റത്തോടെ പ്രസ്തുത അനുപാതം കണക്കാക്കൽ ആരംഭിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബ്രാഞ്ച് III – ജിയോഫിസിക്സ്

1. ജിയോഫിസിസിസ്റ്റ്	(i) കാറ്റഗറി 2 ൽനിന്നുള്ള സ്ഥാനക്കയറ്റം വഴി	(1)(എ) ജിയോഫിസിക്സ് / ഫിസിക്സ് എന്നിവയിൽ ബിരുദാനന്തരബിരുദം; കൂടാതെ (ബി) മുകളിലെ യോഗ്യത നേടിയതിനു ശേഷം ഫീഡർ കാറ്റഗറിയിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം; അല്ലെങ്കിൽ (2)(എ) ജിയോഫിസിക്സ്/ ഫിസിക്സ് എന്നിവയിൽ ബി.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ ഏഴു വർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം(i) നുകീഴിൽ യോഗ്യതയുള്ള വ്യക്തികളുടെ	(i) ജിയോഫിസിക്സിൽ 50% മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരുദവും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി	പ്രസ്തുത യോഗ്യരായവർ ഇല്ലാത്ത പക്ഷം ഫ്ലിക്സിൽ 50%ത്തിൽ കുറയാത്ത മാർക്കോടുകൂടിയുള്ള ബിരുദാനന്തര ബിരുദം; കൂടാതെ (ii) മുകളിലെ ഇനം(i)ൽ യോഗ്യത നേടിയതിനുശേഷം സംസ്ഥാന/കേന്ദ്ര ഗവണ്മെന്റിൽ നിന്നും ജിയോഫിസിക്കൽ ഇൻവെസ്റ്റിഗേഷൻ ഫോർ ഗ്രൗണ്ട് വാട്ടർ പ്രോസ്പെക്ടിങ്ങിൽ അഞ്ചു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. അഭികാമ്യം.- സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് നടത്തുന്ന ഗ്രൗണ്ട് വാട്ടർ ആൻഡ് വാട്ടർ വെൽ ടെക്നിക് ഇൻ ഇന്ത്യ-ൽ ട്രെയിനിങ് തൃപ്തികരമായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്.
2.ജൂനിയർ ജിയോഫിസിസിസ്റ്റ്	**(i)** കേരള ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിലെ ബ്രാഞ്ച് **III**-ലെ ജിയോഫിസിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി	**(1)**(എ) ജിയോഫിസിക്സ് / ഫിസിക്സ് എന്നിവയിൽ ബിരുദാനന്തരബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ **(2)**(എ) ജിയോഫിസിക്സ് / ഫിസിക്സ് എന്നിവയിൽ ബി.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം.
	(ii) നേരിട്ടുള്ള നിയമനംവഴി	**(1)**ജിയോഫിസിക്സിൽ **50%** മാർക്കിൽ കുറയാത്ത ബിരുദാനന്തരബിരുദം. മേൽപ്പറഞ്ഞ യോഗ്യതയുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		വ്യക്തികളുടെ അഭാവത്തിൽ ഫിസിക്സിലെ ഏതെങ്കിലും ബ്രാഞ്ചിൽ **50** ശതമാനത്തിൽക്കുറയാത്ത മാർക്കോടുകൂടിയുള്ള ബിരുദാനന്തരബിരുദം; കൂടാതെ **(2)** മേൽപ്പറഞ്ഞ യോഗ്യതയുള്ള വ്യക്തികളുടെ അഭാവത്തിൽ ജിയോഫിസിക്സ് ഒഴികെയുള്ള ഫിസിക്സിലെ മറ്റേതെങ്കിലും ബ്രാഞ്ചിലുള്ള **50%** മാർക്കിൽ കുറയാത്തവരെ പരിഗണിക്കാവുന്നതാണ്. ഇവർ നിർബന്ധമായും ജിയോഫിസിക്സ് പര്യവേഷണം അല്ലെങ്കിൽ ലോഗിങ് സാങ്കേതിക പ്രവർത്തനങ്ങൾ, ഗ്രൗണ്ട് വാട്ടർ പ്രോസ്പ്പെക്ടിങ് -ൽ ഏതെങ്കിലും ഗവണ്മെന്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		സ്ഥാപനത്തിൽ നിന്നും ടെയിനിങ് പൂർത്തിയാക്കിയിരിക്കണം. കുറിപ്പ്.- സ്ഥാനക്കയറ്റവും നേരിട്ടുള്ള നിയമനവും തമ്മിൽ **1:1** എന്ന അനുപാതം പാലിക്കേണ്ടതാണ്. സ്ഥാനക്കയറ്റത്തോടെ പ്രസ്തുത അനുപാതം കണക്കാക്കൽ ആരംഭിക്കുന്നതാണ്.

ബ്രാഞ്ച് IV – ഹൈഡ്രോകെമിസ്ട്രി

1.എക്സിക്യൂട്ടീവ് (കെമിസ്റ്റ്)	**(i)** കാറ്റഗറി **2** ൽനിന്നുള്ള സ്ഥാനക്കയറ്റം വഴി	**1**(എ) കെമിസ്ട്രിയിലോ അഗ്രികൾച്ചറൽ കെമിസ്ട്രിയിലോ ബിരുദാനന്തര ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		പ്രവൃത്തിപരിചയം. അല്ലെങ്കിൽ 2(എ) കെമിസ്ട്രിയിലോ അനലറ്റിക്കൽ കെമിസ്ട്രിയിലോ ബി.എസ്.സി ബിരുദം; കൂടാതെ (ബി) വകുപ്പിൽ 20 വർഷത്തെ പ്രവൃത്തിപരിചയം, അതിൽ 8 വർഷം ഫീഡർ കാറ്റഗറിയിൽ ഉണ്ടായിരിക്കണം.
	(ii)മുകളിലുള്ള ഇനം(i) നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	1. കെമിസ്ട്രിയിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തരബിരുദം; കൂടാതെ 2. സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകളിലോ /സംഘടനകളിലോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		കൃഷിയും കുടിവെള്ള ഉപയോഗവും ലക്ഷ്യമാക്കി ജലവിശകലനത്തിൽ **10** വർഷത്തെ പ്രവൃത്തിപരിചയം. അഭികാമ്യം:- കെമിസ്ട്രിയിൽ ഡോക്ടറേറ്റ് ഡിഗ്രി (പി.എച്ച്.ഡി, ഡി.എസ്.സി)
2. കെമിസ്റ്റ്	**(i)** കാറ്റഗറി **3** ൽനിന്നുള്ള സ്ഥാനക്കയറ്റം വഴി	**1(**എ**)** കെമിസ്ട്രി, അഗ്രികൾച്ചറൽ കെമിസ്ട്രി ബിരുദാനന്തരബിരുദം; കൂടാതെ **(**ബി**)** വിദ്യാഭ്യാസയോഗ്യത ലഭിച്ചശേഷം ഫീഡർ കാറ്റഗറിയിൽ മൂന്നുവർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ **2(**എ**)** കെമിസ്ട്രിയിലോ അഗ്രികൾച്ചറൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		കെമിസ്ട്രിയിലോ ബി.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർകാറ്റഗറിയിൽ ഏഴു വർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം (i)നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി	(1)കെമിസ്ട്രിയിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തരബിരുദം; കൂടാതെ (2) സംസ്ഥാന/ കേന്ദ്ര സർക്കാർ വകുപ്പുകളിൽ/സംഘടനകളിൽ കൃഷിയും കുടിവെള്ള ഉപയോഗവും ലക്ഷ്യമാക്കി ജലവിശകലനത്തിൽ അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം. അഭികാമ്യം:- സംസ്ഥാന അല്ലെങ്കിൽ കേന്ദ്രസർക്കാർ നടത്തുന്ന ജലവിശകലന പരിശീലനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. ജൂനിയർ കെമിസ്റ്റ്	(i) കേരള ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിലെ ബ്രാഞ്ച് IV-ലെ, കാറ്റഗറി 1 -ലെ കെമിക്കൽ അസിസ്റ്റന്റിൽ നിന്ന് സ്ഥാനക്കയറ്റം വഴി.	1(എ) കെമിസ്ട്രിയിലോ അഗ്രികൾച്ചറൽ കെമിസ്ട്രിയിലോ എം.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർകാറ്റഗറിയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ 2(എ) കെമിസ്ട്രിയിലോ അഗ്രികൾച്ചറൽ കെമിസ്ട്രിയിലോ ബി.എസ്.സി ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം. കുറിപ്പ്:- കൃഷിവകുപ്പിൽ നിന്നുവരുന്ന ഉദ്യോഗാർഥികളുടെ കാര്യത്തിൽ, ആ വകുപ്പിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ജൂനിയർ സയന്റിഫിക് അസിസ്റ്റന്റായി ലഭിച്ച പ്രവൃത്തിപരിചയം ഫീഡർ വിഭാഗത്തിലെ പ്രവൃത്തി പരിചയമായി കണക്കാക്കും.
	(ii) മുകളിലുള്ള ഇനം(i) നു കീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി.	(1) കെമിസ്ട്രിയിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തരബിരുദം, കൂടാതെ (2) ഏതെങ്കിലും സർക്കാർ ലബോറട്ടറിയിൽ മൂന്നുവർഷത്തെ ദൈനംദിന (routine) വിശകലന പ്രവൃത്തിപരിചയം.

ബ്രാഞ്ച് V – ഹൈഡ്രോളജി

1.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹൈഡ്രോളജി	(i) കാറ്റഗറി 2 ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	(1)(എ) സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		(ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം; അല്ലെങ്കിൽ 2(എ) സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ; കൂടാതെ (ബി) വകുപ്പിൽ 20 വർഷത്തെ സേവനം, അതിൽ ഫീഡർ കാറ്റഗറിയിൽ 8 വർഷത്തെ സേവനം: എന്നാൽ, ഡിപ്ലോമ ഉള്ളവരുടെ നിയമനം ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല.
	(ii) മുകളിലുള്ള ഇനം(i) നുകീഴിൽ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	(എ) സിവിൽ എഞ്ചിനീയറിങ്ങിൽ ഒന്നാം അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദം; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		(ബി) കേന്ദ്ര/ സംസ്ഥാന സർക്കാർ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഹൈഡ്രോജിയോളജി വിഭാഗത്തിൽ ഏതിലെങ്കിലും **10** വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.
2.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹൈഡ്രോളജി)	**(1)** കാറ്റഗറി **2** ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	**(1)**(എ) സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ മൂന്നുവർഷത്തെ സേവനം അല്ലെങ്കിൽ **(2)**(എ) സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ **7** വർഷത്തെ പ്രവൃത്തിപരിചയം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		അല്ലെങ്കിൽ (3)(എ) എസ്.എസ്.എൽ.സി പാസ്സായിരിക്കണം; കൂടാതെ (ബി) ട്രേഡ് ഡ്രാഫ്റ്റ്മാൻ(സിവിൽ/മെക്കാനിക്കൽ) അല്ലെങ്കിൽ സർവെയർ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്; കൂടാതെ (സി) വകുപ്പിൽ **20** വർഷത്തെ സേവനം, അതിൽ **8** വർഷം ഫീഡർ കാറ്റഗറിയിലായിരിക്കണം. കേഡർ സ്ട്രെങ്ത് അടിസ്ഥാനമാക്കി പ്രൊമോഷനുവേണ്ടി, ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ സർട്ടിഫിക്കറ്റ് ഉടമകൾക്കിടയിൽ **15:4:1** എന്ന അനുപാതം പാലിക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		എന്നാൽ, ഒരു ജൂനിയർ ഡിപ്ലോമ ഹോൾഡർ ഒരു സീനിയർ ഡിഗ്രി ഹോൾഡറെയും ഒരു ജൂനിയർ സർട്ടിഫിക്കറ്റ് ഹോൾഡർ ഒരു സീനിയർ ഡിഗ്രി/ഡിപ്ലോമ ഹോൾഡറെയും മറികടക്കാൻ പാടുള്ളതല്ല.
	(ii)മുകളിലുള്ള നിയമനംവഴി യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള	(1) 50 ശതമാനത്തിൽക്കുറയാത്ത മാർക്കോടുകൂടി സിവിൽ എഞ്ചിനീയറിങ്ങിൽ ഡിഗ്രി; കൂടാതെ (2) മേൽപ്പറഞ്ഞ യോഗ്യത നേടിയശേഷം കേന്ദ്ര/സംസ്ഥാന സർക്കാർ ഹൈഡ്രോജിയോളജിക്കൽ പഠനത്തിൽ 5 വർഷത്തെ പ്രവൃത്തിപരിചയം. അഭികാമ്യം:- (1) ഹൈഡ്രോളജിയിൽ കേന്ദ്ര/ സംസ്ഥാന സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		സ്ഥാപനങ്ങൾ നടത്തുന്ന ടെയിനിങ്ങ്. അല്ലെങ്കിൽ (2)റൂർക്കി യൂണിവേഴ്സിറ്റിയിൽനിന്നും തത്തുല്യ ഹൈഡ്രോളജി ടെയിനിങ്ങിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്.
3. അസിസ്റ്റന്റ് എഞ്ചിനീയർ ഹൈഡ്രോളജി	(i) കേരള ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിലെ ബ്രാഞ്ച് I-ലെ കാറ്റഗറി 2 ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -1, അല്ലെങ്കിൽ കാറ്റഗറി 3 ഓവർസിയർ എന്നിവയിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി	(1)(എ) സിവിൽ/മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഡിഗ്രി/ഡിപ്ലോമ; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ അഞ്ചുവർഷത്തെ സേവനം; അല്ലെങ്കിൽ (2)(എ) ഡ്രാഫ്റ്റ്സ്മാൻ (സിവിൽ/മെക്കാനിക്കൽ) ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		സർവെയർ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ (ബി) ഫീഡർ കാറ്റഗറിയിൽ ഏഴുവർഷത്തെ പ്രവൃത്തിപരിചയം.
	(ii) നേരിട്ടുള്ള നിയമനം	50 ശതമാനത്തിൽക്കുറയാത്ത മാർക്കോടുകൂടി സിവിൽ എഞ്ചിനീയറിങ്ങിൽ ഡിഗ്രി. അഭികാമ്യം:- കേന്ദ്ര/സംസ്ഥാനസർക്കാർ സ്ഥാപനങ്ങളോ അല്ലെങ്കിൽ യൂണിവേഴ്സിറ്റികളോ നടത്തുന്ന ഹൈഡ്രോളജി ട്രെയിനിങ്ങ് നേടിയിരിക്കണം. കുറിപ്പ്:- നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റവും തമ്മിൽ 1:1 അനുപാതം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		പാലിക്കേണ്ടതാണ്. ഡിഗ്രി, ഡിപ്ലോമ, ഐ.ടി.ഐ സർട്ടിഫിക്കറ്റ് ഹോൾഡർ നിന്നുള്ള സ്ഥാനക്കയറ്റം **6:3:1** എന്ന അനുപാതത്തിൽ ക്രമീകരിക്കണം. എന്നാൽ, ഒരു ജൂനിയർ ഡിപ്ലോമ ഹോൾഡർ ഒരു സീനിയർ ഡിഗ്രി ഹോൾഡറെയും ഒരു ജൂനിയർ സർട്ടിഫിക്കറ്റ് ഹോൾഡർ ഒരു സീനിയർ ഡിഗ്രി /ഡിപ്ലോമ ഹോൾഡറെയും മറികടക്കാൻ പാടുള്ളതല്ല.

കുറിപ്പ് 1 :- **01-01-1978** -നോ അതിനു ശേഷമോ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ വകുപ്പിൽ നടത്തിയ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും അത്തരം നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും നടത്തിയ തീയതികളിൽനിന്നും ക്രമീകരിക്കുന്നതും തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ അല്ലെങ്കിൽ നിയമനങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത കാലയളവിൽ നിയമിക്കപ്പെട്ട / സ്ഥാനക്കയറ്റം ലഭിച്ച വ്യക്തികളെ സംബന്ധിച്ച് എന്തെങ്കിലും നിയമനങ്ങൾ ഉണ്ടെങ്കിൽ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം, അതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ നടത്താവൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ് 2:- കുറിപ്പ് 1-നു കീഴിൽ നൽകിയിരിക്കുന്ന സ്വയമേവ ക്രമപ്പെടുത്തൽ അതിൽ പരാമർശിച്ചിരിക്കുന്ന യാതൊരു വ്യക്തിക്ക് യാതൊരു അവകാശവാദവും നൽകാത്തതും, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആ തസ്തികകളെ നിയന്ത്രിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകൾക്കനുസൃതമായി ഇതിനകം സ്ഥാനക്കയറ്റം നേടിയ വ്യക്തികളുടെ അതതു തസ്തികകളിലെ സീനിയോറിറ്റി, പ്രസ്തുത എക്സിക്യൂട്ടീവ് ഉത്തരവുകളനുസരിച്ച് നിയമിക്കപ്പെട്ട വ്യക്തികളുടെ സ്ഥാനക്കയറ്റത്തെ ഈ ചട്ടങ്ങളിലുള്ള ഒന്നും തന്നെ തടസ്സപ്പെടുത്തുന്നതായി കണക്കാക്കില്ല.

കുറിപ്പ് 3:- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന യാതൊരു നിയമനത്തിനും കുറിപ്പ് 1 -നു കീഴിൽ നൽകിയിരിക്കുന്ന സ്വയമേവ ക്രമപ്പെടുത്തൽ ബാധകമാകുന്നതല്ല.

4. പ്രായം .- നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ച വർഷം, സാധാരണ ഇളവുകൾക്കു വിധേയമായി ജനുവരി 1-ന് 18 വയസ്സ് തികയാത്തവർക്കും 35 വയസ്സ് പൂർത്തിയായവർക്കും ഈ ചട്ടങ്ങളിലെ ഏതെങ്കിലും കാറ്റഗറികളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

5. പ്രൊബേഷൻ .- എതെങ്കിലും കാറ്റഗറികളിലേക്ക് നിയമിക്കപ്പെട്ട ഓരോ വ്യക്തിയും അവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ പ്രൊബേഷനിൽ ആയിരിക്കും,-

(i) സ്ഥാനക്കയറ്റം വഴി നിയമിക്കുകയാണെങ്കിൽ, ജോലിയിൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷം പൂർത്തിയാക്കേണ്ടതും, കൂടാതെ

(ii) നേരിട്ടുള്ള നിയമനത്തിലൂടെയോ തസ്തികമാറ്റം വഴിയോ നിയമിക്കപ്പെടുകയാണെങ്കിൽ, ജോലിയിൽ തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടു വർഷം പൂർത്തിയാക്കേണ്ടതുമാണ്.

6. ടെസ്റ്റുകൾ .- ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും കാറ്റഗറികളിലേക്ക് നിയമിക്കപ്പെട്ട ഓരോ വ്യക്തിയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെ അക്കൗണ്ട് ടെസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ലോവർ) നേരത്തെ വിജയിച്ചിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ അത് വിജയിച്ചിരിക്കേണ്ടതാണ്.

7. സംവരണ നിയമനം .- 1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ പ്രകാരമുള്ള നിയമനങ്ങളുടെ സംവരണം സംബന്ധിച്ച ചട്ടങ്ങൾ (പൊതുചട്ടങ്ങൾ 14 മുതൽ 17 വരെ) നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും ബാധകമായിരിക്കും.

8. നിയമനാധികാരി .- ജൂനിയർ ഹൈഡ്രോജിയോളജിസ്റ്റ് (ബ്രാഞ്ച് I -ലെ കാറ്റഗറി 4), അസിസ്റ്റന്റ് എഞ്ചിനീയർ (ബ്രാഞ്ച് II -ലെ കാറ്റഗറി 4), ജൂനിയർ ജിയോഫിസിസിസ്റ്റ് (ബ്രാഞ്ച് III -ലെ കാറ്റഗറി 2), ജൂനിയർ കെമിസ്റ്റ് (ബ്രാഞ്ച് IV -ലെ കാറ്റഗറി 3), അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി) (ബ്രാഞ്ച് V -ലെ കാറ്റഗറി 3) എന്നീ വിഭാഗങ്ങളുടെ നിയമനാധികാരി ഭൂജല വകുപ്പ് ഡയറക്ടർ ആയിരിക്കും കൂടാതെ ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റെല്ലാ കാറ്റഗറികളിലെയും വിവിധ സേവന ശാഖകളിലെ നിയമനാധികാരി സർക്കാരായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എൻ. വി. മാധവൻ,
ഗവൺമെന്റ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതുവായ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കൃഷിവകുപ്പിന്റെ ഭാഗമായിരുന്ന ഭൂജലവിഭാഗത്തെ വേർതിരിച്ച് സംസ്ഥാന ഭൂജലവകുപ്പ് **1-1-1978** മുതൽ ഒരു സ്വതന്ത്രവകുപ്പായി പ്രവർത്തിക്കാൻ തുടങ്ങി. കൃഷിവകുപ്പിന് കീഴിലായിരിക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളിലേക്കുള്ള യോഗ്യതകളും നിയമനരീതിയും എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരമാണ് നടപ്പിലാക്കിവന്നിരുന്നത്. പിന്നീട് പുതിയ ഭൂജലവകുപ്പിലെ തസ്തികകൾക്കും അവ ബാധകമാക്കി. തുടർന്ന് വകുപ്പിൽ നിരവധി പുതിയ തസ്തികകളും സൃഷ്ടിച്ചു. എന്നാൽ യോഗ്യതയും നിയമനരീതിയും ഇതുവരെ നിശ്ചയിച്ചിട്ടില്ല. വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന വിവിധ വിഭാഗങ്ങളിലെ തസ്തികകളിലേക്കുള്ള യോഗ്യതയും നിയമനരീതിയും സർക്കാർ ഇപ്പോൾ നിർദേശിക്കുവാൻ തീരുമാനിച്ചു. ഈ വിജ്ഞാപനം മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

II

ജി.ഒ(പി)നമ്പർ 33/93/ഐആർ.ഡി. തീയതി, തിരുവനന്തപുരം, ജൂലൈ 30,1993.

എസ്.ആർ.ഒ നമ്പർ 1238/93 .- 1968-ലെ കേരള പബ്ലിക് സർവീസസ് ആക്ടിന്റെ (1968-ലെ 19) 2-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഈ വിഷയത്തിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഉത്തരവുകളും അസാധുവാക്കുകയും ചെയ്തുകൊണ്ട്, കേരള സർക്കാർ ഇതിനാൽ കേരള ഭൂജല സബോർഡിനേറ്റ് സേവനത്തിനായി ഇനിപ്പറയുന്ന വിശേഷാൽ ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും .- (1) ഈ ചട്ടങ്ങളെ 1993-ലെ കേരള ഭൂജലവകുപ്പ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ എന്ന് പേര് പറയാം.

   (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഘടന .- സേവനത്തിൽ ഇനിപ്പറയുന്ന ബ്രാഞ്ചുകളും ഓഫീസർമാരുടെ കാറ്റഗറികളും ഉൾപ്പെടുന്നു, അതായത് :-

ബ്രാഞ്ച് I- ഹൈഡ്രോജിയോളജി

കാറ്റഗറി 1- ജിയോളജിക്കൽ അസിസ്റ്റന്റ്

കാറ്റഗറി 2 – ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1

കാറ്റഗറി 3 – ഓവർസിയർ

കാറ്റഗറി 4- ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II

കാറ്റഗറി 5 – സർവെയർ

കാറ്റഗറി 6 - ട്രേസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബ്രാഞ്ച് II- എഞ്ചിനീയറിങ്

കാറ്റഗറി **1** - മാസ്റ്റർ ഡ്രില്ലർ

കാറ്റഗറി **2** – സീനിയർ ഡ്രില്ലർ

കാറ്റഗറി **3** - ഫോർമാൻ/സ്റ്റോർ-ഇൻ-ചാർജ്

കാറ്റഗറി **4** – ഡ്രില്ലർ/ ഡ്രില്ലർ മെക്കാനിക്ക്

കാറ്റഗറി **5** – മോട്ടോർ മെക്കാനിക്ക്/ സ്റ്റോർ

അസിസ്റ്റന്റ്

കാറ്റഗറി **6** – കംപ്രസ്സർ ഡ്രൈവർ

കാറ്റഗറി **7** – വെൽഡർ

കാറ്റഗറി **8** – മെഷീനിസ്റ്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാറ്റഗറി **9** – ബ്ലാക്ക്സ്മിത്ത്

കാറ്റഗറി **10** – ഡ്രില്ലിങ് അസിസ്റ്റന്റ്

കാറ്റഗറി **11** – ഇലക്ട്രീഷൻ

കാറ്റഗറി **12** – ഫിറ്റർ

കാറ്റഗറി **13** – ടിംഗർ

കാറ്റഗറി **14** – ടർണ്ണർ

കാറ്റഗറി **15** – പമ്പ് ഓപ്പറേറ്റർ

കാറ്റഗറി **16** – വർക്ക്ഷോപ്പ് അറ്റൻഡർ

ബ്രാഞ്ച് III – ജിയോഫിസിക്സ്

ജിയോഫിസിക്കൽ അസിസ്റ്റന്റ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബ്രാഞ്ച് IV- ഹൈഡ്രോകെമിസ്ട്രി

കാറ്റഗറി 1 – കെമിക്കൽ അസിസ്റ്റന്റ്

കാറ്റഗറി 2 – ലബോറട്ടറി അറ്റൻഡർ

3. യോഗ്യതയും നിയമനരീതിയും.- ചുവടെ പട്ടികയിലെ കോളം(1)ൽ പരാമർശിച്ചിരിക്കുന്ന കാറ്റഗറിയിലേക്കുള്ള നിയമനത്തിനായി കോളം(3)ൽ പരാമർശിക്കുന്ന യോഗ്യതകളില്ലാത്ത യാതൊരാൾക്കും കോളം(2)ൽ വിവരിക്കുന്ന രീതിയിലുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല; അതായത്.-

പട്ടിക

കാറ്റഗറി **(1)**	നിയമനരീതി **(2)**	യോഗ്യത **(3)**
ബ്രാഞ്ച് I – ഹൈഡ്രോജിയോളജി		
1.ജിയോളജിക്കൽ അസിസ്റ്റന്റ്	(i) വകുപ്പിലെ റെഗുലർ സർവീസിലെ സീനിയോറിറ്റി അനുസരിച്ച് വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിലെ (ക്ലറിക്കൽ സ്റ്റാഫ്) യോഗ്യതയുള്ള	(i) ജിയോളജി/ അപ്ലൈഡ് ജിയോളജി/ ഹൈഡ്രോജിയോളജി എന്നിവയിൽ ബി.എസ്.സി ബിരുദം, കൂടാതെ (ii) വകുപ്പിൽ രണ്ടുവർഷത്തെ സേവനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	വ്യക്തികളിൽ നിന്ന് തസ്തികമാറ്റംവഴി നിയമനം.	
	(ii) നേരിട്ടുള്ള നിയമനംവഴി	ജിയോളജി/ ഹൈഡ്രോജിയോളജി/ അപ്ലൈഡ് ജിയോളജി എന്നിവയിൽ **50%** മാർക്കിൽക്കുറയാതെയുള്ള എം.എസ്.സി ബിരുദം. മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ, **50** ശതമാനത്തിൽക്കുറയാത്ത മാർക്കോടെ ഹൈഡ്രോജിയോളജി /ജിയോളജി/ അപ്ലൈഡ് ജിയോളജി ബി.എസ്.സി ബിരുദം. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിൽ **3:1** അനുപാതം പാലിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - **I**	**(i)**കാറ്റഗറി **4** ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് **-II** – ൽ നിന്നുള്ള സ്ഥാനക്കയറ്റംവഴി	**1(i)** സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ; കൂടാതെ **(ii)** ഫീഡർ കാറ്റഗറിയിൽ രണ്ടു വർഷത്തിൽക്കുറയാത്ത പ്രവൃത്തിപരിചയം. അല്ലെങ്കിൽ **2(i)** എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യം; **(ii)** ഡ്രാഫ്റ്റ്സ്മാൻ സിവിൽ അല്ലെങ്കിൽ മെക്കാനിക്കൽ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്; കൂടാതെ **(iii)** ഫീഡർ കാറ്റഗറിയിൽ നാലുവർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം **(i)**നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള	സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ ഡിപ്ലോമ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	നിയമനംവഴി	
3. ഓവർസിയർ	**(i)** കാറ്റഗറി **5** സർവെയർ-ൽ നിന്നുള്ള സ്ഥാനക്കയറ്റംവഴി	**1(i)**സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ കൂടാതെ **(ii)**ഫീഡർ കാറ്റഗറിയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. **2(i)** സർവെയർ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്; കൂടാതെ **(ii)**ഫീഡർ കാറ്റഗറിയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം.
	(ii)മുകളിലുള്ള ഇനം**(i)**നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	**(i)** സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ ഡിപ്ലോമ; കൂടാതെ **(ii)**സംസ്ഥാന/ കേന്ദ്ര സർക്കാർവകുപ്പുകളിൽ സർവെയറായി രണ്ടു വർഷത്തെ പ്രവൃത്തിപരിചയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- **II**	**(i)** കാറ്റഗറി **6** ടേസർ-ൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	**(i)** എസ്.എസ്.എൽ.സി പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം. **(ii)** ഡ്രാഫ്റ്റ്സ്മാൻ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്. (എ) സിവിൽ/മെക്കാനിക്കൽ ട്രേഡ് അല്ലെങ്കിൽ (ബി) കെ.ജി.ടി.ഇ/ എം.ജി.ടി.ഇ ഡ്രോയിങ്ങ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ്; കൂടാതെ **(iii)** ഫീഡർ കാറ്റഗറിയിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം**(i)** നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	**1.** സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ; അല്ലെങ്കിൽ **2**(എ) എസ്.എസ്.എൽ.സി പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		യോഗ്യത; കൂടാതെ (ബി) ഡ്രാഫ്റ്റ്സ്മാൻ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്(സിവിൽ/മെക്കാനിക്കൽ)
5. സർവെയർ	നേരിട്ടുള്ള നിയമനംവഴി	(i) സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ അല്ലെങ്കിൽ (എ) എസ്.എസ്.എൽ.സി. പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത; കൂടാതെ (ബി) സർവെയർ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്
6. ട്രേസർ	(i) ഭൂജലവകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നും തസ്തികമാറ്റംവഴി (ii) മുകളിലുള്ള ഇനം(i) നു	എസ്.എസ്.എൽ.സി പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത; കൂടാതെ ഡ്രാഫ്റ്റ്മാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	കീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	സിവിൽ/മെക്കാനിക്കൽ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കെ.ജി.റ്റി.ഇ ഡ്രോയിങ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ്. കുറിപ്പ് :- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിൽ **3:1** അനുപാതം പാലിക്കേണ്ടതാണ്.

ബ്രാഞ്ച് II - എഞ്ചിനീയറിങ്

1. മാസ്റ്റർ ഡ്രില്ലർ	**(i)** കാറ്റഗറി **2** സീനിയർ ഡ്രില്ലറിൽനിന്നുള്ള സ്ഥാനക്കയറ്റംവഴി	**1(i)** മെക്കാനിക്കൽ/മൈനിങ് എഞ്ചിനീയറിങ്ങിൽ ബിരുദം. അല്ലെങ്കിൽ **2(i)** മെക്കാനിക്കൽ/ മൈനിങ് എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ കൂടാതെ **(ii)** ഫീഡർ കാറ്റഗറിയിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		കുറഞ്ഞത് മൂന്നു വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ **3(i)** എസ്.എസ്.എൽ.സി പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത; **(ii)** ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ **(iii)**വിവിധ ഡ്രില്ലിങ് മെഷിനറികൾ കൈകാര്യം ചെയ്യുന്നതിൽ വകുപ്പിൽ കുറഞ്ഞത് പന്ത്രണ്ടു വർഷത്തെ പ്രവൃത്തി പരിചയം.
	(ii) മുകളിലുള്ള ഇനം**(i)** നു കീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള	മെക്കാനിക്കൽ/മൈനിങ് എഞ്ചിനീയറിങ്ങിൽ **50%** മാർക്കിക്കുറയാത്ത ബിരുദം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	നിയമനംവഴി	
2. സീനിയർ ഡ്രില്ലർ	(i) കാറ്റഗറി 3 ഫോർമാൻ/സ്റ്റോർ-ഇൻ-ചാർജ്, കാറ്റഗറി 4 ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക്ക് എന്നിവയിൽ നിന്നുള്ള സ്ഥാനക്കയറ്റംവഴി	(i) മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ഡിപ്ലോമ; കൂടാതെ (ii) ഫീഡർ കാറ്റഗറിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ (i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യം; കൂടാതെ (ii) ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. (iii) വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗത്തിൽ 7 വർഷത്തെ പ്രവൃത്തിപരിചയം, അതിൽ ഫീഡർ വിഭാഗത്തിൽ മൂന്നുവർഷത്തെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		പ്രവൃത്തിപരിചയം.
	(ii) നേരിട്ടുള്ള നിയമനംവഴി	മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ഡിപ്ലോമ അഭികാമ്യം:- ജല കിണർ കുഴിക്കുന്ന റിഗ്ഗിൽ 2 വർഷത്തെ പ്രവൃത്തിപരിചയം. കുറിപ്പ്:- നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റത്തോടെ ആരംഭിക്കുന്ന വിധത്തിൽ, പ്രൊമോഷനും തമ്മിൽ 1:1 എന്ന അനുപാതം പാലിക്കേണ്ടതാണ്.
3. ഫോർമാൻ/ സ്റ്റോർ- ഇൻ - ചാർജ്	(i) കാറ്റഗറി 5 മോട്ടോർ മെക്കാനിക്/ സ്റ്റോർ അസിസ്റ്റന്റിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി	(i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യയോഗ്യത; കൂടാതെ (ii) ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		സർട്ടിഫിക്കറ്റ്; കൂടാതെ **(iii)** ഫീഡർ കാറ്റഗറിയിൽ **3** വർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം**(i)** നു കീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി.	മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ഡിപ്ലോമ. അഭികാമ്യം:- ഏതെങ്കിലും സർക്കാർ വർക്ക്ഷോപ്പിലോ അല്ലെങ്കിൽ സ്റ്റോറുകളിലോ **2** വർഷത്തെ പ്രവൃത്തിപരിചയം.
4.ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക്ക്	**(i)** കാറ്റഗറി **10** ഡ്രില്ലിങ് അസിസ്റ്റന്റിൽനിന്നുള്ള സ്ഥാനക്കയറ്റംവഴി.	**1.(i)** ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ **(ii)** ഫീഡർ കാറ്റഗറിയിൽ **3** വർഷത്തെ പ്രവൃത്തിപരിചയം. അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		2.(i) ഏതെങ്കിലും ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ **(ii)** ഫീഡർ കാറ്റഗറിയിൽ **5** വർഷത്തെ പ്രവൃത്തിപരിചയം.
	(ii) മുകളിലുള്ള ഇനം**(i)** നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി.	**1.** (എ) മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ (ബി) ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്.
5. മോട്ടോർ മെക്കാനിക്/ സ്റ്റോർ അസിസ്റ്റന്റ്	**(i)**കാറ്റഗറി **6** കംപ്രസ്സർ ഡ്രൈവറിൽ നിന്നുള്ള സ്ഥാനക്കയറ്റംവഴി	**1. (i)** എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത; കൂടാതെ **(ii)** ഡീസൽ അല്ലെങ്കിൽ മോട്ടാർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	(ii) മുകളിലുള്ള ഇനം(i) നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനംവഴി	(iii) ഫീഡർ കാറ്റഗറിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം. 1. (എ) മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ (ബി) ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്, കൂടാതെ (സി) ഏതെങ്കിലും സർക്കാർ വർക്ക് ഷോപ്പിലോ സ്റ്റോറിലോ 2 വർഷത്തെ പ്രവൃത്തിപരിചയം.
6. കംപ്രസ്സർ ഡ്രൈവർ	(i) കാറ്റഗറി 10 ഡ്രില്ലിങ് അസിസ്റ്റന്റിൽനിന്ന് സ്ഥാനകയറ്റംവഴി കൂടാതെ	(i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യം (ii) ഡീസൽ അല്ലെങ്കിൽ മോട്ടോർ മെക്കാനിക്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; കൂടാതെ **(iii)** ഫീഡർ കാറ്റഗറിയിൽ **2** വർഷത്തെ പ്രവൃത്തിപരിചയം
	(ii) വകുപ്പിലെ ഡ്രൈവർമാരിൽനിന്നും പമ്പ് ഓപ്പറേറ്റർമാരിൽ നിന്നും സ്ഥാനക്കയറ്റംവഴി	**(i)** ഹെവി വാഹനങ്ങൾ ഓടിക്കാൻ അംഗീകാരമുള്ള മോട്ടോർ ഡ്രൈവിങ് ലൈസൻസ് ഉണ്ടായിരിക്കണം. **(ii)** കിണർ നിർമ്മാണത്തിനുള്ള ഡീസൽ എൻജിനുകളുടെയും കംപ്രസ്സറുകളുടെയും പ്രവർത്തനത്തെക്കുറിച്ചുള്ള അറിവ്; കൂടാതെ **(iii)** ഫീഡർ കാറ്റഗറിയിൽ **2** വർഷത്തെ പ്രവൃത്തിപരിചയം. കുറിപ്പ്:- **(i)** കാറ്റഗറി **10** ഡ്രില്ലിങ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		അസിസ്റ്റന്റിൽനിന്നും ഡ്രൈവർ/ പമ്പ് ഓപ്പറേറ്റർമാരുടെ വിഭാഗങ്ങളിൽനിന്നും സ്ഥാനക്കയറ്റം അതതുവിഭാഗങ്ങളിലെ സീനിയോറിറ്റി അനുസരിച്ച് **1:1** എന്ന അനുപാതത്തിലായിരിക്കണം. നിയമനം ആരംഭിക്കുന്നത് ഡ്രില്ലിങ് അസിസ്റ്റന്റിൽ നിന്നും, ഡ്രൈവർമാർക്കും പമ്പ് ഓപ്പറേറ്റർമാർക്കുമിടയിൽ നിയമനം പമ്പ് ഓപ്പറേറ്റർമാരിൽനിന്നും ആരംഭിക്കും. **(ii)** ഹെവി വാഹനങ്ങൾ ഓടിക്കുന്നതിലും ഡീസൽ എഞ്ചിനുകളുടെയും കംപ്രസ്സറുകളുടെയും പ്രവർത്തനത്തിലും ഉള്ള പ്രാവീണ്യം വകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		നടത്തുന്ന പ്രായോഗിക പരീക്ഷയിൽ ഡ്രൈവർ, പമ്പ് ഓപ്പറേറ്റർമാർ എന്നിവർ തെളിയിക്കേണ്ടതുണ്ട്.
7. വെൽഡർ	(i) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽനിന്നും തസ്തികമാറ്റംവഴി നിയമനം (ii) നേരിട്ടുള്ള നിയമനംവഴി	(i)(എ) വെൽഡിങ്ങിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ (ബി) കെ.ജി.ടി.ഇ യുടെ കീഴിൽ സർട്ടിഫിക്കറ്റ് കോഴ്സ്. വെൽഡിങ്ങിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
8. മെഷിനിസ്റ്റ്	(i) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽനിന്നും തസ്തികമാറ്റംവഴി നിയമനം.	(i) ഐ.ടി.ഐ മെഷിനിസ്റ്റ് ട്രേഡ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	(ii) നേരിട്ടുള്ള നിയമനംവഴി	മെഷീനിസ്റ്റ് ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
9. ബ്ലാക്സ്മിത്ത്	(i) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽനിന്നുള്ള നിയമനം. (ii) നേരിട്ടുള്ള നിയമനംവഴി	(i) ബ്ലാക് സ്മിത്തിട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്; ബ്ലാക് സ്മിത്തിട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
10. ഡ്രില്ലിങ് അസിസ്റ്റന്റ്	(i) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ്	ഡീസൽ/മോട്ടോർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം. (ii) നേരിട്ടുള്ള നിയമനം വഴി	മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. ഡീസൽ/ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ് :- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
11. ഇലക്ട്രീഷ്യൻ	(i) വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം (ii) നേരിട്ടുള്ള നിയമനംവഴി	ഇലക്ട്രീഷ്യൻ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. ഇലക്ട്രീഷ്യൻ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് കുറിപ്പ്:- നേരിട്ടുള്ള നിയമനവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
12. ഫിറ്റർ	**(i)** വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം **(ii)** നേരിട്ടുള്ള നിയമനംവഴി	ഫിറ്റർ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ് ഫിറ്റർ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
13. ടിൻകർ	**(i)** വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം **(ii)** നേരിട്ടുള്ള നിയമനംവഴി	ഷീറ്റ് മെറ്റൽ വർക്ക് ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ് ഷീറ്റ് മെറ്റൽ വർക്ക് ട്രേഡിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
14. ടർണ്ണർ	**(i)** വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം. **(ii)** നേരിട്ടുള്ള നിയമനംവഴി	ടർണ്ണർ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. ടർണ്ണർ ട്രേഡിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.
15. പമ്പ് ഓപ്പറേറ്റർ	**(i)** ഭൂജല വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽനിന്നുള്ള	ഡീസൽ/ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	തസ്തികമാറ്റംവഴിയുള്ള നിയമനം. (ii) നേരിട്ടുള്ള നിയമനംവഴി	ഡീസൽ/ മോട്ടോർ മെക്കാനിക്കിൽ ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റ്. കുറിപ്പ് :- നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം 3:1 ആയിരിക്കും.
16.വർക്ക്ഷോപ്പ് അറ്റൻഡർ	(i) ഭൂജല വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം	(i) ഏഴാം ക്ലാസ് പാസായിരിക്കണം (ii) ഏതെങ്കിലും ഗവൺമെന്റ് വർക്ക്ഷോപ്പുകളിൽ 2 വർഷത്തെ പ്രവൃത്തിപരിചയം, കൂടാതെ (iii) വകുപ്പിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	(ii) മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഇനം(i) കീഴിൽ യോഗ്യതയുള്ള വ്യക്തികളുടെ അഭാവത്തിൽ നേരിടേടുള്ള നിയമനംവഴി	ഏതെങ്കിലും ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്.

ബ്രാഞ്ച് III- ജിയോഫിസിക്സ്

ജിയോഫിസിക്കൽ അസിസ്റ്റന്റ്	(i) വകുപ്പിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കേരള ഭൂജലവകുപ്പിലെ യോഗ്യരായ ക്ലറിക്കൽ തസ്തികയിലെ ഉദ്യോഗസ്ഥരിൽ നിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം	(i) ജിയോഫിസിക്സ് / ഫിസിക്സ് എന്നിവയിലുള്ള ബിരുദം; കൂടാതെ (ii) വകുപ്പിൽ രണ്ടു വർഷത്തെ സേവനം.
	(ii)നേരിട്ടുള്ള നിയമനംവഴി	ജിയോഫിസിക്സിൽ 50% മാർക്കിൽക്കുറയാത്ത ബിരുദാനന്തര ബിരുദം; മേൽപ്പറഞ്ഞ യോഗ്യതയുള്ള വ്യക്തികളുടെ അഭാവത്തിൽ ഫിസിക്സിലെ ഏതെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		ഒരു ബ്രാഞ്ചിൽ **50** ശതമാനത്തിൽക്കുറയാത്ത മാർക്കോടുകൂടിയുള്ള ബിരുദാനന്തര ബിരുദം. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.

ബ്രാഞ്ച് IV – ഹൈഡ്രോകെമിസ്ട്രി

1.കെമിക്കൽ അസിസ്റ്റന്റ്	**(i)** വകുപ്പിലെ ജീവനക്കാരിൽ (ക്ലറിക്കൽ സ്റ്റാഫ്) നിന്നും നിശ്ചിത യോഗ്യതയും സീനിയോറിറ്റിയും അടിസ്ഥാനമാക്കിയുള്ള തസ്തികമാറ്റം വഴിയുള്ള നിയമനം**.**	**(i)** കെമിസ്ട്രിയിൽ ബി.എസ്.സി ബിരുദം; കൂടാതെ **(ii)** വകുപ്പിൽ രണ്ടുവർഷത്തെ സേവനം
	(ii) മുകളിലുള്ള ഇനം **(i)** നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി	**(i)** കെമിസ്ട്രിയിലോ അഗ്രികൾച്ചറൽ കെമിസ്ട്രിയിലോ **50%** മാർക്കിൽക്കുറയാതെയുള്ള ബിരുദാനന്തരബിരുദം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		അല്ലെങ്കിൽ **(ii)** മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, **50%** മാർക്കിൽ കുറയാതെയുള്ള കെമിസ്ട്രി ബി. എസ്.സി ബിരുദം, കൂടാതെ ഏതെങ്കിലും സർക്കാർവകുപ്പിൽ രണ്ടുവർഷത്തെ റൂട്ടീൻ വിശകലന പ്രവർത്തനപരിചയം. അല്ലെങ്കിൽ **(iii)** മുകളിൽ ഇനം **(ii)**-ൽ പറഞ്ഞ രണ്ടുവർഷത്തെ പ്രവൃത്തി പരിചയമുള്ളവരുടെ അഭാവത്തിൽ, **50%** മാർക്കിൽക്കുറയാതെയുള്ള കെമിസ്ട്രി ബി.എസ്.സി ബിരുദം. കുറിപ്പ്:- നേരിട്ടുള്ള നിയമനവും തസ്തികമാറ്റംവഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം **3:1** ആയിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2.ലബോറട്ടറി അറ്റൻഡർ	(i) ഭൂജലവകുപ്പിലുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റുമാരിൽനിന്നുള്ള തസ്തികമാറ്റംവഴിയുള്ള നിയമനം	(i) ഏഴാം ക്ലാസ് പാസായിരിക്കണം. (ii) പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡേഴ്സ് പരീക്ഷ പാസായിരിക്കണം. (iii)വകുപ്പിൽ രണ്ടു വർഷത്തെ സേവനം ഉണ്ടായിരിക്കണം
	(ii)മുകളിലുള്ള ഇനം (i) നുകീഴിൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനംവഴി.	കുറഞ്ഞത് 60% മാർക്കോടുകൂടി എസ്.എസ്.എൽ.സി പാസായിരിക്കണം, അല്ലെങ്കിൽ അതിനു തത്തുല്യ യോഗ്യത.

കുറിപ്പ് 1. 01-01-1978 -നോ അതിനു ശേഷമോ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ വകുപ്പിൽ നടത്തിയ എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും അത്തരം നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും നടത്തിയ തീയതികളിൽനിന്നും തുടർന്നുള്ള സ്ഥാനകയറ്റങ്ങളും ക്രമീകരിക്കുന്നതും അല്ലെങ്കിൽ പ്രസ്തുത കാലയളവിൽ നിയമിക്കപ്പെട്ട / സ്ഥാനക്കയറ്റം ലഭിച്ച വ്യക്തികളെ സംബന്ധിച്ച് എന്തെങ്കിലും നിയമനങ്ങൾ ഉണ്ടെങ്കിൽ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം, അതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ നടത്താവൂ.

കുറിപ്പ് 2. കുറിപ്പിന് 1-നു കീഴിൽ നൽകിയിരിക്കുന്ന സ്വയമേവ ക്രമപ്പെടുത്തൽ അതിൽ പരാമർശിച്ചിരിക്കുന്ന യാതൊരു വ്യക്തിക്കും യാതൊരു അവകാശവാദം നൽകാത്തതും ഈ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആ തസ്തികകളെ നിയന്ത്രിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകൾക്കനുസൃതമായി ഇതിനകം സ്ഥാനക്കയറ്റം നേടിയ വ്യക്തികളുടെ അതതു തസ്തികകളിലെ സീനിയോറിറ്റി, പ്രസ്തുത എക്സിക്യൂട്ടീവ് ഉത്തരവുകൾ അനുസരിച്ച് നിയമിക്കപ്പെട്ട വ്യക്തികളുടെ സ്ഥാനക്കയറ്റങ്ങളെ ഈ ചട്ടങ്ങളിലുള്ള ഒന്നും തന്നെ തടസ്സപ്പെടുത്തുന്നതായി കണക്കാക്കില്ല.

കുറിപ്പ് 3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന യാതൊരു നിയമനത്തിനും കുറിപ്പ് 1 -നു കീഴിൽ നൽകിയിരിക്കുന്ന സ്വയമേവ ക്രമപ്പെടുത്തൽ ബാധകമാകുന്നതല്ല.

4. പ്രായം :- നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ച വർഷം സാധാരണ ഇളവുകൾക്കു വിധേയമായി ജനുവരി 1-ന് 18 വയസ്സ് തികയാത്തവർക്കും 35 വയസ്സ് പൂർത്തിയായവർക്കും നേരിട്ടുള്ള നിയമനത്തിലൂടെ ഗ്രൗണ്ട് വാട്ടർ സബോർഡിനേറ്റ് സർവീസിലെ ഏതെങ്കിലും തസ്തികകളിലേക്കുള്ള നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

5. പ്രൊബേഷൻ .- എതെങ്കിലും കാറ്റഗറിയിലേക്ക് നിയമിക്കപ്പെട്ട ഓരോ വ്യക്തിയും അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷനിൽ ആയിരിക്കും,-

i. പ്രൊമോഷൻ വഴി നിയമിക്കുകയാണെങ്കിൽ, ജോലിയിൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷവും, കൂടാതെ

ii. നേരിട്ടുള്ള നിയമനത്തിലൂടെയോ തസ്തികമാറ്റം വഴിയോ നിയമിക്കുകയാണെങ്കിൽ, തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടു വർഷവും.

6. സംവരണ നിയമനം :- 1958 -ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ നിയമനങ്ങളുടെ സംവരണം സംബന്ധിച്ച ചട്ടങ്ങൾ (പൊതു ചട്ടങ്ങൾ 14 മുതൽ 17 വരെ) നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും ബാധകമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. നിയമനാധികാരി : ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ കാറ്റഗറികളിലെ തസ്തികകളെ സംബന്ധിച്ച നിയമനാധികാരി ഡയറക്ടർ, ഭൂജലവകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, ആയിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എൻ. വി. മാധവൻ,
ഗവൺമെന്റ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതുവായ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കൃഷി വകുപ്പിന്റെ ഭാഗമായിരുന്ന ഭൂജലവിഭാഗത്തെ വേർതിരിച്ച് സംസ്ഥാന ഭൂജലവകുപ്പ് **1-1-1978** മുതൽ ഒരു സ്വതന്ത്രവകുപ്പായി പ്രവർത്തിക്കാൻ തുടങ്ങി. കൃഷിവകുപ്പിനു കീഴിലായിരിക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളിലേക്കുള്ള യോഗ്യതകളും നിയമനരീതിയും എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരമാണ് നടപ്പിലാക്കി വന്നിരുന്നത്. പിന്നീട് പുതിയ ഭൂജലവകുപ്പിലെ തസ്തികകൾക്കും അവ ബാധകമാക്കി. തുടർന്ന് വകുപ്പിൽ നിരവധി പുതിയ തസ്തികകളും സൃഷ്ടിച്ചു. എന്നാൽ യോഗ്യതയും നിയമനരീതിയും ഇതുവരെ നിശ്ചയിച്ചിട്ടില്ല. വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന വിവിധ കാറ്റഗറിയിലെ തസ്തികകളിലേക്കുള്ള യോഗ്യതയും നിയമനരീതിയും സർക്കാർ ഇപ്പോൾ നിർദേശിക്കുവാൻ തീരുമാനിച്ചു. ഈ വിജ്ഞാപനം മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.04 05:16:39 +05:30